**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 876** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് ഡ്രൈവർ റാങ്ക് ലിസ്റ്റ് - നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനം വകുപ്പിലേയ്ക്ക് പുതിയതായി 6 റാപ്പിഡ് റെസ്പോൺസ് ടീം എമർജൻസി സർവ്വീസ് വാഹനങ്ങൾ വാങ്ങുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; | (എ) | "Developing RRT(Rapid Response Team)&VET(Veterinary Emergency Team) facility for mitigation of Human-Wildlife conflict in 6 locations in Kerala" എന്ന പ്രോജക്റ്റ് പ്രൊപോസൽ NABARD - RIDF - XXVII ൽ ഉൾപ്പെടുത്തുന്നതിന് വനം വകുപ്പ് ആസ്ഥാനത്ത് നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റ് പ്രപ്പോസലിൽ വനം വകുപ്പിലേയ്ക്ക് റാപ്പിഡ് റെസ്പോൺസ് ടീം എമർജൻസി സർവ്വീസിനായി പുതുതായി 5 അനിമൽ റസ്ക്യൂ വാഹനങ്ങൾ വാങ്ങുന്നതിനുള്ള പ്രപ്പോസലും ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രോജക്റ്റ് പ്രൊപ്പോസൽ പരിഗണിക്കുന്നതിനായി സർക്കാർ 22/12/2021 ന് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ നിലവിലുള്ള ഫോറസ്റ്റ് ഡ്രൈവർ റാങ്ക് ലിസ്റ്റ് (Cat.No 120/2017) നിന്നും ഡ്രൈവർ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ പരിഗണിയ്ക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | വനം വകുപ്പിലെ അനുവദനീയ ഡ്രൈവർ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് മാത്രമേ ഡ്രൈവർമാരെ പി.എസ്.സി മുഖേന നിയമിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ, നബാർഡിന് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിന്മേൽ തീരുമാനമാകുന്ന മുറക്ക് മാത്രമേ ആ കാര്യത്തിൽ ഒരു തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ